രക്ഷയുടെ പാതയിൽ-7



7

# ഈശോയുടെ പ്രബോധനങ്ങൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പനകൾ
14. മനഃസാക്ഷി രൂപികരണം
15. സുവിശേഷ ഭാഗ്യങ്ങൾ

പാഠം 11

# അവകാശമില്ലാത്തത് ആഗ്രഹിക്കരുത്



# ആഹാബ് രാജാവിന്റെ അത്യാഗ്രഹത്തിന് ലഭിച്ച ശിക്ഷ

(1 രാജാ 21: 19).



1. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
2. ദ്രവ്യാസക്തി
3. സ്വത്ത് സമ്പാദനം
4. അതിമോഹം
5. അപരന്റെ അവകാശങ്ങൾ ഹനിക്കരുത്
6. പ്രകൃതിയെ പരിപാലിക്കുക

# അവകാശമില്ലാത്തത് ആഗ്രഹിക്കരുത്

- നിന്റെ അയൽക്കാരന്റെ യാതൊന്നും മോഹിക്കരുത്. അയൽക്കാരന്റെ ഭവനത്തെയോ, വയലിനെയോ, കാളയെയോ, കഴുതയെയോ ഒന്നിനേയും (പുറ. 20:17).



# ദ്രവ്യാസക്തി

- മോഷണം, പിടിച്ചുപറി, വഞ്ചന എന്നിവയുടെ മൂലകാരണമായ ദ്രവ്യാസക്തിയെ അന്യന്റെ വസ്തുക്കൾ മോഹിക്കരുതെന്ന പത്താം കല്പന വിലക്കുന്നു. നമ്മുടേതല്ലാത്തതിന്റെ, മറ്റൊരാൾക്ക് അവകാശപ്പെട്ടതിനെ, നീതിരഹിതമായി മോഹിക്കുന്നത് തെററുതന്നെയാണ്.



# സ്വത്ത് സമ്പാദനം

ന്യായമായ മാർഗങ്ങളിലൂടെ സ്വത്ത് സമ്പാദിച്ച്, ഇന്നത്തെയും നാളത്തെയും ജീവിതം സുരക്ഷിതമാക്കാൻ ഓരോ വ്യക്തിക്കും അവകാശമുള്ളതാണ്. അദ്ധ്വാനമോ തൊഴിലോ വഴി തനിക്കാവശ്യമുള്ളവ സമ്പാദിക്കാനും ഓരോരുത്തനുമുള്ള അവകാശവും കടമയും ദൈവദത്തമാണ്. മനുഷ്യവർഗ്ഗത്തിന് മുഴുവനായി സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിൽ ഒരു വ്യക്തി തന്റെ മാത്രം സുരക്ഷിതത്വവും സുഖവും നോക്കി വ്യാപരിക്കുമ്പോൾ അത് തിന്മയാകുന്നു.



# അതിമോഹം

- തന്റെ ആവശ്യങ്ങൾക്കും കഴിവുകൾക്കും അതീതമായി വസ്തുക്കളെയോ, അധികാരത്തെയോ പദവികളെയോ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നതാണ് അതിമോഹം.



# അപരന്റെ അവകാശങ്ങൾ ഹനിക്കരുത്

- എല്ലാവർക്കുമായി സ്നേഹനിധിയായ ദൈവം സൃഷ്ടിച്ച പ്രകൃതിവിഭവങ്ങൾ അനുഭവിക്കാൻ ഓരോ മനുഷ്യനും അവകാശമുള്ളതാണ്. ഇത്തരത്തിലുള്ള അവകാശങ്ങൾ ആരാലും ലംഘിക്കപ്പെടാൻ പാടില്ല.



# ദ്രവ്യാസക്തിയെ കീഴടക്കാൻ സഹായിക്കുന്ന പുണ്യങ്ങൾ

- ദാരിദ്ര്യാരൂപി
  - തങ്ങളുടെ സംതൃപ്തി ഭൗതികവസ്തുക്കളുടെ സമൃദ്ധിയിൽ കണ്ടെത്താതെ ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്നതാണ് സുവിശേഷാനുസൃതമായ ദാരിദ്ര്യം.
- മിതവ്യയം
  - ഒരുവന്റെ ആവശ്യത്തിനുമാത്രം സ്വത്ത് വ്യയം ചെയ്യുകയും അതിൽ കൂടുതലുള്ളത് അപരന്റെ വളർച്ചയ്ക്കായി നൽകുകയും ചെയ്യുന്ന പ്രവർത്തനരീതിയാണ് മിതവ്യയം.



- ഔദാര്യം

- ലോകത്തിലൊരാളെങ്കിലും ദരിദ്രനാണെങ്കിൽ അതിന്റെ കാരണക്കാരൻ താൻ കൂടിയാണെന്ന് തിരിച്ചറിഞ്ഞ് ആ അവസ്ഥ പരിഹരിക്കാൻ നമ്മെ സഹായിക്കുന്ന പുണ്യമാണ് ഔദാര്യം.

- സംതൃപ്തി

- ജീവിതത്തിന് ആവശ്യകമായി ദൈവം തന്നിട്ടുള്ള ദാനങ്ങളിൽ സന്തോഷം കാണുകയും തനിക്കില്ലാത്തതിനെക്കുറിച്ച് ദുഃഖിക്കാതിരിക്കുകയും ചെയ്യുന്ന മനസ്സിന്റെ അവസ്ഥയാണിത്.

# പ്രകൃതിയെ പരിപാലിക്കുക

- പ്രപഞ്ചത്തിന്റെ ഉടമസ്ഥനല്ല, കാര്യസ്ഥനാണ് മനുഷ്യൻ. സ്വാർത്ഥതയ്ക്കുവേണ്ടി മാത്രം പ്രകൃതിവിഭവങ്ങൾ ആരും കൈവശപ്പെടുത്തരുത്. പ്രകൃതിവിഭവങ്ങൾ എല്ലാവരുടേതുമാണ്. പ്രകൃതിയെ ചൂഷണം ചെയ്യാതെ, പരിപോഷിപ്പിക്കാൻ മനുഷ്യൻ അഭ്യസിക്കണം.



# നമുക്കു പ്രാർത്ഥിക്കാം

ഞങ്ങൾക്കാവശ്യമായവ നൽകി ഞങ്ങളെ അനുഗ്രഹിക്കുന്ന ദൈവമേ, എപ്പോഴും സംതൃപ്തരായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.



# നമുക്കു പാടാം

(അഖിലാണ്ഡമണ്ഡല....)

ദൈവത്തിൻ ദാനമീ ഭൂമിയും സ്വത്തും
ഏവർക്കുമായവൻ പങ്കിട്ടു നൽകി,
മർത്യനതിന്നുടെ കാര്യസ്ഥൻ മാത്രം
സ്വാർത്ഥത്തിൻ കറയത് കയ്പുളവാക്കും.

അന്യായ സമ്പത്തുകൈവശമാക്കും
മർത്യനപരനെകൊള്ള ചെയ്യുന്നോൻ
സമ്പന്ന ദരിദ്ര വിവേചനങ്ങൾ
സ്നേഹത്തിൻ, നീതിതൽ, ഭംഗമത്രേ.

അന്യന്റെ ആവശ്യം പാടേമറന്ന്
സമ്പത്തു കൂട്ടുവോൻ നീതിയില്ലാത്തോൻ
ദൈവത്തിലാശ്രയം തേടാതെ നീങ്ങും
മർത്യന്റെ മാനസം അസ്വസ്ഥമെന്നും.

ദൈവവചനം വായിക്കാം;

വിവരിക്കാം

(മത്താ .12:13-21)



# വഴി കാട്ടാനൊരു തിരുവചനം

ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ;

സ്വർഗ്ഗരാജ്യം അവരുടേതാണ്

(മത്താ. 5:3).

# എന്റെ തീരുമാനം

എന്റെ ഇടവകയിലെ പാവപ്പെട്ട കുട്ടികളെ എന്റെ കഴിവിനൊത്ത് ഞാൻ സഹായിക്കും.

Thank you